**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 85** **05-12-2022 - ൽ മറുപടിയ്ക്ക്**

**ക്രിമിനൽ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ .പി. കെ. ബഷീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . പി . ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പോലീസുകാർക്കെതിരെ വിവിധ ക്രിമിനൽ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ലഭിച്ചിട്ടുണ്ട്.അഴിമതി, നിയമവിരുദ്ധ പ്രവർത്തനം, മാഫിയ ബന്ധം തുടങ്ങിയ കാര്യങ്ങളിൽ ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നു. കൂടാതെ പോലീസ് സേനയിൽ ക്രിമിനൽ സ്വഭാവം പ്രകടിപ്പിക്കുന്ന പോലീസുകാരുടെ കേസുകളിലെ പങ്കാളിത്തം, അവർക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ കാഠിന്യം എന്നിവയുടെ അടിസ്ഥാനത്തിൽ ഇത്തരക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമ നടപടികളും വകുപ്പ് തല നടപടികളും സ്വീകരിച്ചിട്ടുണ്ട്.കൂടാതെ കൂടാതെ സർക്കാർ തലത്തിലും വകുപ്പു തലത്തിലും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പരിപത്രങ്ങളും മാർഗ നിർദ്ദേശങ്ങളും പോലീസ് കർശനമായി പാലിയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പോലീസുകാരുടെ പെരുമാറ്റദൂഷ്യം, കസ്റ്റഡിയിൽ പീഡനം, വിശ്വാസ വഞ്ചന, മോഷണം, പീഡന പരാതി തുടങ്ങിയ കുറ്റങ്ങൾക്ക് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ലഭിച്ചിട്ടുണ്ട്.അഴിമതി, നിയമവിരുദ്ധ പ്രവർത്തനം, മാഫിയ ബന്ധം തുടങ്ങിയ കാര്യങ്ങളിൽ ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നു. കൂടാതെ പോലീസ് സേനയിൽ ക്രിമിനൽ സ്വഭാവം പ്രകടിപ്പിക്കുന്ന പോലീസുകാരുടെ കേസുകളിലെ പങ്കാളിത്തം, അവർക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ കാഠിന്യം എന്നിവയുടെ അടിസ്ഥാനത്തിൽ ഇത്തരക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമ നടപടികളും വകുപ്പ് തല നടപടികളും സ്വീകരിച്ചിട്ടുണ്ട്.കൂടാതെ കൂടാതെ സർക്കാർ തലത്തിലും വകുപ്പു തലത്തിലും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പരിപത്രങ്ങളും മാർഗ നിർദ്ദേശങ്ങളും പോലീസ് കർശനമായി പാലിയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കുറ്റങ്ങൾക്കെതിരെ നടപടി സ്വീകരിച്ചതിന് ശേഷം കേസുകൾ പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ടെന്നും ആയതിനുള്ള കാരണവും വ്യക്തമാക്കുമോ? | (സി) | ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ